16/5/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 980(6)/2021 എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7979/എസ്.ഐ.സി–ജി 5/2021)

സന്നിഹിതൻ

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി : 11.05.2022

ശ്രീ. കെ. ദാമോദരൻ നായർ,
S/o. (late) എം. കൃഷ്ണൻ നായർ,
വനത്തുംങ്കാൽ, കാനത്തൂർ,
മുളിയാർ, കാസർഗോഡ് – 671 542. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   മുളിയാർ ഗ്രാമപഞ്ചായത്ത്,
   മുളിയാർ പി.ഒ,
   കാസർഗോഡ്.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   കാസർഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19/07/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/09/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 06/05/2022<br>ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിധ്യം: | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. ദാമോദരൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് നിയമപരമായി ലഭിക്കേണ്ട മറുപടിയോ. രേഖകളുടെ പകർപ്പുകളോ നൽകാതെ തെറ്റായ മറുപടിയാണ് എതിർകക്ഷികൾ നൽകിയതെന്നും ആയതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കൃത്യമായ വിവരങ്ങൾ നൽകാത്ത എതിർകക്ഷികൾക്കെതിരെ നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 11.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) മുളിയാർ ഗ്രാമപഞ്ചായത്ത് 8-ാം വാർഡ് (കാനത്തൂർ) നിലവിൽ പഞ്ചായത്ത് രജിസ്റ്റർ പ്രകാരം എത്ര റോഡുകൾ, നടവഴികൾ നിലവിൽ ഉണ്ടെന്നും അവ ഏതാണെന്നും, രേഖ പ്രകാരം ഓരോന്നിന്റേയും വീതിയും നീളവും എത്രയാണെന്നും

2) ഈ നടവഴികൾ, റോഡുകൾ എവിടെ നിന്നും ആരുടെ സ്ഥലത്തു നിന്നും. ഏത് സർവ്വെ നമ്പറിൽ നിന്നും തുടങ്ങി, ഏതൊക്കെ സർവ്വെ നമ്പറിൽ കുടി ആരുടെയൊക്കെ സ്ഥലങ്ങളിൽ ഏതൊക്കെ വശത്തു കൂടെ കടന്ന് എവിടെ എത്തിച്ചേരുന്നുവെന്നും എത്ര കിലോമീറ്റർ ആണ് ദൂരം എന്നിങ്ങനെ 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 11.03.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 08.04.2021 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 02.05.2021 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 17.062021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 15.09.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാ

ലാണ് ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നും ടി അപ്പീൽ തീർപ്പാക്കുന്നതിലേയ്ക്കായി വിവരാവകാശ അപേക്ഷയുടെ മറുപടിയിന്മേലുള്ള വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് എസ്.പി.ഐ.ഒ ആയത് ലഭ്യമാക്കിയിരുന്നുവെന്നും ആയത് പരിശോധിച്ചതിൽ എസ്.പി.ഐ.ഒ വിവരാവകാശ നിയമപ്രകാരം സാധ്യമായ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു എന്നുമാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ക്രമ നമ്പറിട്ട 6 വിവരങ്ങളിലെ ഉൾപ്പിരിവുകളിലായി മുളിയാർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ റോഡുകൾ, നടവഴികൾ എന്നിവ സംബന്ധിച്ച 30 ൽ അധികം വിവരങ്ങളായിരുന്നെന്നും ഗ്രാമപഞ്ചായത്തിലെ റോഡുകളുടേയും നടവഴികളുടേയും വിവരങ്ങൾ ആധികാരികമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നത് പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിലാണെന്നും അപേക്ഷകൻ 1, 2, 6 ക്രമനമ്പറുകളിലായി ആവശ്യപ്പെട്ട വിവരങ്ങളിൽ ചിലത് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ലഭ്യമാകുന്നവയാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരം റോഡുകളും നടവഴികളും ആരുടെ സ്ഥലത്ത് നിന്നും ആരംഭിക്കുന്നു, ആരുടെയൊക്കെ സ്ഥലത്തു കൂടി കടന്നുപോകുന്നു, ഏതൊക്കെ സർവ്വെ നമ്പറിൽ കൂടി കടന്നു പോകുന്നു തുടങ്ങിയ റോഡുകളും നടവഴികളും സംബന്ധിച്ച വിപുലമായ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്താറില്ലെന്നും, നിലവിൽ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്റർ, വിവരാവകാശ മറുപടിയിൽ ലഭ്യമാക്കിയ വെബ് സൈറ്റിൽ ലഭ്യമാണെന്നും ആയത് പ്രകാരം വെബ്സൈറ്റ് വിലാസം നൽകിയതിൽ അപാകത കാണുന്നില്ലെന്നും വിവരാവകാശ നിയമപ്രകാരം, പഞ്ചായത്ത് അടിസ്ഥാനത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ള വിവരങ്ങളിൽ നിന്നും വാർഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് നൽകേണ്ടതില്ലെന്നും ക്രമ നമ്പർ 3 ൽ ആവശ്യപ്പെട്ട വിവരം ടി വാർഡിലെ എല്ലാ റോഡുകളുടേയും നടവഴികളുടേയും വിവരങ്ങളാണെന്നും ആയതിന് റോഡ്, നടവഴികൾ ഏതെന്ന് വ്യക്തമാക്കി നൽകിയാൽ വിവരങ്ങൾ ലഭ്യമാക്കാവുന്നതാണെന്ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ക്രമ നമ്പർ 4 പ്രകാരമുള്ള വിവരങ്ങൾ, ഒരു വാർഡിൽ റോഡുകൾക്കും നടവഴികൾക്കുമായി കഴിഞ്ഞ 15 വർഷമായി ചെലവഴിക്കപ്പെട്ട തുക സംബന്ധിച്ചാണെന്നും ടി വിവരങ്ങൾ പഞ്ചായത്തിൽ പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നവയല്ലെന്നും ക്രമ നമ്പർ 5 ൽ ആവ

ശ്യപ്പെട്ട വിവരം ഏത് വർഷത്തേതാണ് എന്ന് വ്യക്തമാക്കാതെ കൃത്യമായ വിവരം ലഭ്യമാക്കുക സാധ്യമല്ലാത്തതിനാൽ എസ്.പി.ഐ.ഒ നൽകിയ മറുപടി യിൽ അപാകത കാണുന്നില്ലെന്നും 6-ാമതായി ആവശ്യപ്പെട്ട വിവരങ്ങളിൽ സാധ്യമായ വിവരങ്ങൾ എസ്.പി.ഐ.ഒ ലഭ്യമാക്കിയതായി കാണുന്നുവെന്നും അങ്ങിനെ ലഭ്യമായ എല്ലാ വിവരങ്ങളും അപേക്ഷകന് ലഭ്യമാക്കിയതായി കാണു ന്നുവെങ്കിലും അപേക്ഷകന് വെബ്സൈറ്റ് പരിശോധിക്കുന്നതിന് പ്രയാസം അറി യിക്കുകയാണെങ്കിൽ മുൻകൂട്ടി അറിയിക്കുന്ന സമയത്ത് വെബ്സൈറ്റിലെ ആസ്തി രജിസ്റ്റർ വിവരങ്ങൾ നേരിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതാണെന്നും ആവശ്യമായ പേജുകളുടെ പകർപ്പ് വിവരാവ കാശ നിയമപ്രകാരമുള്ള ഫീസ് ഈടാക്കിയാൽ അപേക്ഷകന് നൽകുന്നതിന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകികൊണ്ട് 17.06.2021 ൽ അപ്പീൽ തീർപ്പാക്കി യെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ. ഹർജി ക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടിയോ. രേഖകളോ എതിർകക്ഷികൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമുന്നയിച്ചാണ് ടിയാൻ കമ്മീ ഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 06.05.2022 ൽ കമ്മീഷൻ കണ്ണൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. വെബ്സൈറ്റിൽ 2017 വരെയുള്ള വിവരങ്ങളാണ് ഉള്ളതെന്നും ടിയാൻ ആവശ്യപ്പെട്ടത് 11.03.2021 വരെ യുള്ള വിവരങ്ങളാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭ്യമാക്കണം എന്നാണ് ഹർജിക്കാരൻ മൊഴി നൽകിയിരിക്കുന്നത്. ഹർജിക്കാരൻ ഒരു പ്രത്യേക കാലയളവ് വച്ചല്ല വിവരങ്ങൾ ആവശ്യപ്പെട്ടതെന്നും നാലാമത്തെ ചോദ്യത്തിൽ റോഡുകൾക്കും നടവഴികൾക്കുമായി പഞ്ചായത്ത് കഴിഞ്ഞ 15 വർഷക്കാലം കൊണ്ട് എത്ര തുക അനുവദിച്ചെന്ന് അറിയുന്നതിന് വാർഡ് തിരിച്ചുള്ള രേഖയില്ലെന്നുമാണ് ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. ഹർജികക്ഷിയുടെ മൊഴിയിൽ തനിക്ക് സാങ്കേതിക വിവരം ഇല്ലെന്നും ആയതിനാൽ തനിക്ക് രേഖയായി വിവരം ലഭിക്കണമെന്നും വ്യക്ത മായ മറുപടി ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ടു. ഇരുകക്ഷികളേയും കേട്ടതി ന്റേയും ഹാജരാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ

വാർഡ് തിരിച്ച് റോഡുകളുടേയും നടവഴികളുടേയും, ടാറിംഗിന്റേയും, റിപ്പയറുകളുടേയും മറ്റും ലിസ്റ്റ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന എതിർകക്ഷിയുടെ മൊഴി അവിശ്വസിക്കത്തക്കതായി കാണുന്നില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓരോന്നും വ്യക്തമായി നമ്പറിട്ട് ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജിക്കാരന് നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2022 മെയ് മാസം 11-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm